പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4472 — 26/06/2014 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## പോക്കുവരവ് നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. എം. പി. വിൻസെന്റ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ പോക്ക് വരവ് സംബന്ധിച്ച ഫയലുകൾ തീർപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) പ്രത്യേക കർമ്മ പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല. മുൻഗണനാ ക്രമത്തിൽ പോക്കുവരവ് കേസുകൾ തീർപ്പാക്കി വരുന്നു |
| (ബി) പോക്ക് വരവ് സുഗമമാക്കുന്നതിന് റീസർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) റീസർവ്വേ പൂർത്തിയായി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ റീസർവ്വേ പരാതികൾ താലൂക്ക് തലത്തിൽ അഡീഷണൽ തഹസീൽദാരുടെ കീഴിൽ പ്രവർത്തിക്കുന്ന എൽ.ആർ.എം. മുഖേന പരിഹരിച്ചു വരുന്നു. റീസർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള കാര്യം പരിഗണനയിലാണ്. |
| (സി) പോക്കുവരവ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാ-താലൂക്ക്തലങ്ങളിൽ അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (സി) നിലവിൽ പോക്കുവരവ് കേസുകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഏതെങ്കിലും പ്രത്യേക വില്ലേജുകളിൽ അത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് അദാലത്ത് നടത്തി തീർപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) കേന്ദ്ര സർക്കാരിന്റെ ദേശീയ ഭൂരേഖാ നവീകരണ പദ്ധതി പ്രകാരം ഓൺലൈൻ പോക്കുവരവ് നടത്തുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ 17 വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കിയുണ്ട്. കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി റീസർവ്വേ പൂർത്തിയാക്കിയ എല്ലാ വില്ലേജുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ